**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **22-02-2022 - ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ കാവൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടാ ആക്രമണങ്ങളും കൊലപാതങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രത്യേക നടപടികൾ എന്തെല്ലാമാണ്; | (എ) | സംസ്ഥാനത്ത് സാമ്പത്തിക കുറ്റ കൃത്യങ്ങൾ സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുന്നതിന് മാത്ര മായി ഒരു പ്രത്യേക അന്വേഷണ വിഭാഗം രൂപീകരിക്കുമെന്ന് ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന Economic Offences Wing സംസ്ഥാനത്ത് അധികം താമസിയാതെ നിലവിൽ വരും. സംസ്ഥാനത്ത് ഒരു ഐ.ജി.യുടെ ചുമതലയിലായിരിക്കും ഈ വിഭാഗം പ്രവർത്തിക്കുക. നിലവിലുള്ള സാമ്പത്തിക കുറ്റാ ന്വേഷണ വിഭാഗത്തിന്റെ പോരായ്മകൾ പരിഹരിച്ചുകൊണ്ടും ആധുനിക സങ്കേതങ്ങൾ വിനി യോഗിച്ചുമാണ് ഈ പ്രത്യേക വിഭാഗം രൂപീകരിക്കുക. ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും പോലുള്ള സംഘടിത കുറ്റകൃത്യങ്ങൾ ഉന്മൂലനം ചെയ്യാനായി പ്രത്യേക പദ്ധതിക്ക് പോലീസ് രൂപം നൽകിയിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലയിലും പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതത് ജില്ലകളിലെ സ്ഥിരം കുറ്റവാളികളെയും അവരുടെ പണ മിടപാടുകളെയും മറ്റ് പ്രവർത്തന ങ്ങളെയും നിരീക്ഷി ക്കുകയും ഉചിത സമയത്ത് ആവശ്യമായ ഇട പെടലുകൾ നടത്തുകയുമാണ് ഇതിന്റെ കർത്തവ്യം. എസ്.എച്ച്.ഒ.മാരുടെ നേതൃ ത്വത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർ അതത് സ്റ്റേഷൻ പരിധിയിലെ ഗുണ്ടകളുടെ പ്രവർ ത്തനങ്ങൾ പ്രത്യേകം നിരീക്ഷിച്ചു വരുന്നു. സംസ്ഥാനത്ത് ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരേയും അമർച്ച ചെയ്യുന്നതിന് "ഓപ്പറേഷൻ കാവൽ" എന്ന പേരിൽ ഒരു പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർ പ്പെടുന്നവരെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി അവർ ക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തല മുള്ളവരുടെ വരുമാന സ്രോതസ് ഉൾപ്പെടെയുള്ള ഡാറ്റാബേസ് തയ്യാറാക്കി വരുന്നു. ഇതിനു പുറമെ ഇവരെ സംബന്ധിച്ച ഹിസ്റ്ററി ഷീറ്റും ജില്ലാ അടിസ്ഥാനത്തിൽ തയ്യാ റാക്കിയിട്ടുണ്ട്. ഓപ്പറേഷൻ കാവൽ പദ്ധതി സംസ്ഥാനത്ത് വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |
| (ബി) | ഗുണ്ടകളുടെ പട്ടിക തയ്യാറാക്കി അവരെ ശക്തമായ നിരീക്ഷണത്തിലാക്കുന്നതിന് ആരംഭിച്ച ഓപ്പറേഷൻ കാവൽ കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. ഓപ്പറേഷൻ കാവൽ പദ്ധതി പ്രകാരം ഒരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുന്നവരെ കണ്ടെത്തി സമയ ബന്ധിതമായി അവർക്കെതിരെ കാപ്പാ നിയമം ഉൾപ്പെടെയുള്ള കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിച്ചു വരുന്നു. ക്രിമിനൽ പശ്ചാത്തലമുള്ളവരുടെ ഡാറ്റാബേസ് ജില്ലാതലത്തിൽ തയ്യാ റാക്കി ആവശ്യമാണെന്ന് കാണു ന്നവരെ അറസ്റ്റ് ചെയ്ത് കാപ്പ നിയമ പ്രകാരവും ക്രിമിനൽ നടപടി ചട്ട പ്രകാരവും നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ജില്ലാ പോലീസ് മേധാവിമാർ കുറ്റവാളികളുടെ ക്രിമിനൽ പശ്ചാത്തലം പരിശോധിച്ച് ആവശ്യമാണെന്ന് കാണുന്നവരുടെ പേരിൽ പോലീസ് സ്റ്റേഷൻ തലത്തിൽ ഹിസ്റ്ററി ഷീറ്റ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. സംസ്ഥാന പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് അന്താ രാഷ്ട്ര നിലവാരത്തിലേക്കുയർത്തു ന്നതിന് 2021 -22 വർഷത്തിൽ പോലീസ് വകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു. 1) സൈബർ ഇൻവെസ്റ്റിഗേഷൻ ആന്റ് റിസർച്ച് ഡിവിഷൻ & സൈബർ ഓപ്പറേഷൻ വിംഗ് 2) പോലീസ് ടെക്നോളജി സെന്റർ 3) സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം 4) പോക്സോ കേസുകൾ അന്വേഷിക്കുന്നതിന് പ്രത്യേക വിഭാഗം 5) ക്രമസമാധാനം കൈകാര്യം ചെയ്യുന്നതിനും സുരക്ഷ ഒരുക്കുന്ന തിനുമായി കെ.എ.പി. ആറാം ബറ്റാലിയൻ രൂപീകരിച്ചു. 6) 25 പുതിയ സബ് ഡിവിഷനുകൾ നിലവിൽ വന്നു. 7) ക്രൈംബ്രാഞ്ചിൽ 4 ലീഗൽ അഡ്വൈസർ തസ്തികകൾ സൃഷ്ടിച്ചു. 8) റവന്യൂ ജില്ലകളിൽ ജില്ലാ ഫോറൻസിക് ലാബുകൾ 9) പ്ലാൻ സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ. പുളിക്കീഴ്, പെരുനാട്, മൂഴിയാർ (പത്തനംതിട്ട), വിയ്യപുരം (ആലപ്പുഴ), വാഗമൺ, മുല്ലപ്പെരിയാർ (ഇടുക്കി), പന്തീരങ്കാവ് (കോഴിക്കോട് സിറ്റി), മുഴക്കുന്ന്, |

മട്ടന്നൂർ, ആലക്കോട് (കണ്ണൂർ), തങ്കമണി (ഇടുക്കി), എഴുകോൺ (കൊല്ലം റൂറൽ) എന്നീ 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ട്, തിരുവനന്തപുരത്തു സൈബർ സെക്യൂരിറ്റി സെന്റർ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം കേന്ദ്രമാക്കി സൈബർ സെക്യൂരിറ്റി സെന്റർ സൈബർ ക്രൈം അനാലിസിസ്സിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. 2021-22 വർഷത്തിൽ ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസു കൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മി ക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2022-23 വർഷത്തിൽ പോലീസ് വകുപ്പിൽ താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറമ്പ് (കാസറഗോഡ്)/ കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ)/തേഞ്ഞിപ്പാലം (മലപ്പുറം)/കണ്ണവം (കണ്ണൂർ സിറ്റി)/വളയം (കോഴിക്കോട് റൂറൽ) എന്നീ 7 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങളും കാസർകോട്ടും മലപ്പുറത്തും സൈബർ പോലീസ് സ്റ്റേഷൻ, കാസർഗോഡ് വനിതാ പോലീസ് സ്റ്റേഷൻ, ശാസ്താംകോട്ട, സുൽത്താൻ ബത്തേരി, ചങ്ങനാശ്ശേരി സബ് ഡിവിഷൻ ഓഫീസുകൾ, ബേക്കൽ സബ് ഡിവിഷൻ കൺട്രോൾ റൂം, കണ്ണൂർ റൂറൽ ജില്ലാ പോലീസ് ഓഫീസ്, കൊട്ടാരക്കര വനിതാ സെൽ എന്നീ ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടി സ്ഥാനത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസ് സ്റ്റേഷന്റെ എല്ലാ പ്രധാന സ്ഥലങ്ങളും ഉൾപ്പെടത്തക്ക രീതിയിൽ സി.സി.ടി.വി ക്യാമറ സംവിധാനം സ്ഥാപിക്കുന്നതാണ്. ജില്ലാ അതിർത്തികളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിലും വാഹനങ്ങളുടെ നമ്പർ പ്ലേറ്റ് തിരിച്ചറിയാൻ കഴിയുന്ന ANPR ക്യാമറ സംവിധാനം സ്ഥാപിക്കുന്നതാണ്. സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സൈബർ പോലീസ് സ്റ്റേഷനുകളെ ശക്തി പ്പെടുത്തുകയും പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ടെക്നോളജിയിൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് നൽകുന്നതുമാണ്.

| | | | |
|---|---|---|---|
| | | | Anti Terrorist Squad -നും Special Operations Group -നും ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ |
| (ഡി) | കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിൽ ജനകീയ സഹകരണം ഉറപ്പ് വരുത്തുന്ന ജനമൈത്രി പോലീസ് സംവിധാനം കൂട്ടതൽ ഫലപ്രദമാക്കാൻ നടപടിയുണ്ടാകുമോ? | (ഡി) | ജനമൈത്രി പോലീസ് സംവിധാനം കൂട്ടതൽ ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാനായി "പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്", വയോജനങ്ങളുടെ കരുതലിനും സംരക്ഷണത്തിനുമായി "പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, ആദിവാസി ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനായി "ട്രൈബൽ ജനമൈത്രി പ്രോജക്ട്", അതിഥി തൊഴിലാളികളുടെ നിരീക്ഷണ ത്തിനായി "മൈഗ്രന്റ് ലേബർ ജനമൈത്രി", സാമൂഹിക സുരക്ഷക്കായി പോലീസ് പൊതുജന സഹകരണം ഉറപ്പാക്കുന്നതിലേക്കായി M-Beat എന്നീ പദ്ധതികൾ ജനമൈത്രി സുരക്ഷാ പദ്ധതിയുടെ കീഴിൽ വിജയകരമായി നടപ്പിലാക്കി വരുന്നു. M-Beat പദ്ധതി പ്രകാരം ഒരു ബീറ്റുദ്യോഗസ്ഥൻ പ്രതിദിനം ബീറ്റ് ഏരിയായിലെ 12 വീടുകളെങ്കിലും കുറഞ്ഞത് സന്ദർശിച്ച് ജനങ്ങളുമായി അടുത്തിടപഴകി വിവരശേഖരണം നടത്തി കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നതിനും ക്രമസമാധാന പാലനത്തിനുമായി ജനകീയ സഹകരണം ഉറപ്പ് വരുത്തുവാനും നടപടി സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ